കർണ്ണാടകത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

179 [3147] *ശ്രീ. റോഷി അഗസ്റ്റിൻ:*
,, *തോമസ് ചാഴികാടൻ:*
,, *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാങ്കിൽനിന്ന് വൻതുക വായ്പയെടുത്ത് കർണ്ണാടകത്തിൽ നഴ്സിംഗ് പഠനത്തിനുചേർന്ന മലയാളി വിദ്യാർത്ഥികളുടെ പഠനം അനിശ്ചിതത്വത്തിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഐ. എൻ. സി.യുടെ അംഗീകാരമില്ലാത്ത നഴ്സിംഗ് സ്ഥാപനങ്ങളിൽ ചേർന്ന മലയാളി വിദ്യാർത്ഥികളുടെ ആശങ്ക ദൂരീകരിച്ച് അവരുടെ തുടർപഠനം സാദ്ധ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വിദ്യാർത്ഥികളെ റിക്രൂട്ട് ചെയ്യുന്ന ഏജൻസികളെ നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും മാർഗ്ഗനിർദ്ദേശം നൽകുന്നതിന് സർക്കാർ സംവിധാനം ഏർപ്പെടുത്തുമോ;

(ഇ) അംഗീകാരം ലഭിക്കാതിരുന്നിട്ടും വിദ്യാർത്ഥികളേയും രക്ഷിതാക്കളേയും വഞ്ചിച്ച് പണം ഈടാക്കി അഡ്മിഷൻ നൽകിയ അനധികൃതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്ന് മുടക്കിയ പണവും സർട്ടിഫിക്കറ്റും തിരിച്ചു വാങ്ങുന്നതിന് കർണ്ണാടക സർക്കാരിന്റെ സഹായം തേടുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കർണ്ണാടകത്തിലെ സ്ഥാപനങ്ങൾക്ക് ഐ. എൻ. സി. അംഗീകാരം ലഭ്യമാക്കുന്നതിന് ആ സ്ഥാപനങ്ങളാണ് നടപടി കൈക്കൊള്ളേണ്ടത്.

(സി) വിദ്യാർത്ഥികളെ റിക്രൂട്ട് ചെയ്യുന്ന ഏജൻസികളെ നിയന്ത്രിക്കുന്നതിന് ഇപ്പോൾ നിയമമില്ല.

(ഡി) പരിശോധിക്കുന്നതാണ്.

(ഇ) ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly